LIBRARY ARCHIVES Kerala Legislative Assembly

കേരള വാട്ടർ അതോറിറ്റിയിൽ എച്ച്.ആർ. ഇനത്തിൽ ചെലവഴിക്കുന്ന തുക

68 [1046] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ എച്ച്.ആർ. ഇനത്തിൽ എത്ര കോടി രൂപ പ്രതിമാസം ചെലവഴിക്കുന്നുണ്ട്;

(ബി) ഇതിന്റെ ഓരോ ഡിവിഷൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) 1,08,80,836 രൂപ.

(ബി) ഡിവിഷൻ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.†

കുടിവെള്ളമെത്തിക്കുന്നതിന് വാട്ടർ അതോറിറ്റി ചെലവഴിച്ച തുക

69 [1047] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നതിന് 2001 മുതൽ ഓരോ വർഷവും വാട്ടർ അതോറിറ്റി എത്ര തുക ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ;

(ബി) കുടിവെള്ളം നൽകുന്നതിന് പുതിയ പദ്ധതികൾ ഏറ്റെടുക്കാനുള്ള തുക വകയിരുത്തിയിട്ടുണ്ടോ; പദ്ധതിയുടെ പൊതു സ്വഭാവം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) കമ്മീഷൻ ചെയ്ത പദ്ധതികളുടെ പ്രവർത്തന ചെലവ് വഹിക്കാൻ വാട്ടർ അതോറിറ്റി സ്വീകരിക്കുന്ന നിലപാട് വിശദീകരിക്കാമോ;

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലേയും മറ്റ് പിന്നോക്ക പ്രദേശങ്ങളിലേയും കുടിവെള്ള പദ്ധതികളുടെ പ്രവർത്തന ചെലവ് വഹിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം ഉപയോഗിക്കാൻ അനുവാദം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2001-02 . . 11750.05 ലക്ഷം രൂപ
2002-03 . . 12723.26 ലക്ഷം രൂപ
2003-04 . . 12564.87 ലക്ഷം രൂപ

(ബി) നബാർഡ് സഹായത്തോടെയുള്ള 8 പുതിയ ശുദ്ധജലവിതരണ പദ്ധതികൾ ഏറ്റെടുക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ 2004-05-ലെ ബഡ്ജറ്റിൽ 18 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഗ്രാമീണ മേഖലയ്ക്ക് പ്രയോജനം ചെയ്യുന്ന ഈ പദ്ധതികളുടെ ആകെ അടങ്കൽ തുക 48.38 കോടി രൂപയാണ്. ഈ പദ്ധതി പൂർത്തിയാകുമ്പോൾ 2.19 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

† അനുബന്ധം—8

Page 1

അനുബന്ധം VIII

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 68 (1046) കാണുക]

എച്ച്. ആർ. ഇനത്തിൽ പ്രതിമാസം ചെലവഴിക്കുന്ന തുകയുടെ ഡിവിഷൻ തിരിച്ചുള്ള കണക്ക്

			(രൂപ)
1.	വാട്ടർ സപ്ലൈ ഡിവിഷൻ, ആറ്റിങ്ങൽ	. .	2,42,000
2.	സിവറേജ് പ്രോജക്ട് ഡിവിഷൻ, തിരുവനന്തപുരം	. .	54,000
3.	സിവറേജ് ഡിവിഷൻ, പാറ്റൂർ	. .	19,000
4.	ഹെഡ്‌വർക്സ് ഡിവിഷൻ, അരുവിക്കര	. .	4,00,000
5.	വാട്ടർ സപ്ലൈ ഡിവിഷൻ, നെയ്യാറ്റിൻകര	. .	2,01,000
6.	പി.എച്ച്. ഡിവിഷൻ, തിരുവനന്തപുരം	. .	5,25,000
7.	പി.എച്ച്. ഡിവിഷൻ, കൊല്ലം	. .	5,95,000
8.	പി.എച്ച്. ഡിവിഷൻ, പത്തനംതിട്ട	. .	5,60,000
9.	വാട്ടർ സപ്ലൈ ഡിവിഷൻ, കൊല്ലം	. .	3,51,000
10.	വാട്ടർ സപ്ലൈ ഡിവിഷൻ, അടൂർ	. .	1,33,000
11.	പി.എച്ച്. ഡിവിഷൻ, കോട്ടയം	. .	4,25,000
12.	പി.എച്ച്. ഡിവിഷൻ, തിരുവല്ല	. .	7,00,000
13.	പി.എച്ച്. ഡിവിഷൻ, ആലപ്പുഴ	. .	14,70,000
14.	പി.എച്ച്. ഡിവിഷൻ, പെരുമ്പാവൂർ	. .	3,54,731
15.	ഐ.പി.ഡി. ഡിവിഷൻ, കൊച്ചി	. .	6,850
16.	ക്വാളിറ്റി കൺട്രോൾ ഡിവിഷൻ, ആലുവ	. .	5,628
17.	പി.എച്ച്. ഡിവിഷൻ, കൊച്ചി	. .	1,22,000
18.	പി.എച്ച്. ഡിവിഷൻ, ആലുവ	. .	35,000
19.	വാട്ടർ സപ്ലൈ ഡിവിഷൻ, കൊച്ചി	. .	2,94,527
20.	പി.എച്ച്. ഡിവിഷൻ, പിറവം	. .	3,12,000
21.	do.	തൊടുപുഴ . .	1,29,000
22.	do.	കട്ടപ്പന . .	2,45,000
23.	do.	തൃശ്ശൂർ . .	3,25,500
24.	do.	ഇരിങ്ങാലക്കുട . .	6,32,000
25.	do.	നാട്ടിക . .	1,06,000
26.	do.	കോഴിക്കോട് . .	2,52,000
27.	do.	വടകര . .	86,000

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII—(തുടർച്ച)

				(രൂപ)
28.	പി.എച്ച്. ഡിവിഷൻ, മലപ്പുറം		..	4,25,000
29.	do.	സുൽത്താൻബത്തേരി	..	7,72,000
30.	do.	എടപ്പാൾ	..	..
31.	do.	പാലക്കാട്	..	1,88,000
32.	do.	ഷൊർണ്ണൂർ	..	2,55,000
33.	do.	കണ്ണൂർ	..	..
34.	വാട്ടർ സപ്ലൈ പ്രോജക്ട് ഡിവിഷൻ, കണ്ണൂർ		..	600
35.	പി.എച്ച്. ഡിവിഷൻ, കാസർഗോഡ്		..	2,92,000
36.	പി.എച്ച്. ഡിവിഷൻ, മട്ടന്നൂർ		..	3,67,000
		ആകെ	..	1,08,80,836

അനുബന്ധം IX

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 83 (1062) കാണുക]

ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതി

1. മത്സ്യത്തൊഴിലാളി ഭവന നിർമ്മാണത്തിന് തൊഴിലാളി ഒന്നിന് 40,000 രൂപ വരെ ഗ്രാൻഡ് അനുവദിക്കുന്നു. ഇത് ഒരു 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. നടപ്പ് സാമ്പത്തിക വർഷം 600 ലക്ഷം രൂപ ഈയിനത്തിൽ വിനിയോഗിക്കുന്നതാണ്.

2. കടൽ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് പഞ്ചമാസത്തിൽ ഒരു സാമ്പത്തികാശ്വാസം എന്ന നിലയിൽ നടപ്പിലാക്കി വരുന്ന ഒരു 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയാണ്.

3. അടിസ്ഥാന വികസന സൗകര്യങ്ങളായ ഫിഷ്ലാന്റിംഗ് സെന്റർ, ഫിഷിംഗ് ഹാർബർ, റോഡുകൾ എന്നിവയുടെ നടത്തിപ്പിനായി 1225 ലക്ഷം രൂപയുടെ ഒരു പദ്ധതി ആവിഷ്ക്കരിച്ചു.

4. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് 250 ലക്ഷം രൂപ ലംസംഗ്രാന്റ് നൽകുന്നതിന് നടപ്പു സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നു.

5. ആശുപത്രി, ഗൈഡ്ലൈറ്റ്, കുടിവെള്ള വിതരണം, വൈദ്യുതീകരണം എന്നീ തീരദേശ സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങളുടെ വികസനം.

6. ചെറുകിട സംരംഭങ്ങൾ

സ്വയം സഹായ സംഘങ്ങൾ വഴി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly